മാതൃഭൂമി
06 January 2020

# സമുദ്ര ആവാസവ്യവസ്ഥ: രാജ്യാന്തര സിമ്പോസിയം നാളെ മുതൽ

**കൊച്ചി ▸** സമുദ്ര ആവാസവ്യവസ്ഥ നേരിടുന്ന പ്രശ്നങ്ങളും ചർച്ച ചെയ്യുന്ന മൂന്നാമത് രാജ്യാന്തര സിമ്പോസിയം (മീകോസ്-3) ചൊവ്വാഴ്ച കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ.) തുടങ്ങും.

സിമ്പോസിയത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സമുദ്രശാസ്ത്രജ്ഞർ, മത്സ്യ ഗവേഷകർ, കാലാവസ്ഥാ പഠന വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കും.

ചൊവ്വാഴ്ച ഉച്ചയ്ക്ക് മൂന്നിന് ഫിൻലാൻഡിലെ നാച്വറൽ റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും ബ്ലൂ ബയോ ഇക്കോണമി വിദഗ്ധനുമായ ഡോ പെട്രി സ്യൂറോണൻ സിമ്പോസിയം ഉദ്ഘാടനം ചെയ്യും.